21/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **CP. 121*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ.**1247** /*എസ്.ഐ.സി-ജി 6/15)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.ജോർജ്ജ് കെ.കെ.,<br>ലവ് ഷോർ, പെരുംപറമ്പ്,<br>ഇരിട്ടി, കണ്ണൂർ ജില്ല,<br>പിൻ – 670 703. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>വില്ലേജ് ഓഫീസർ, പായം, ഇരിട്ടി പി.ഒ. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | - |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | - |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.01.2015 |
| റിപ്പോർട്ട് ലഭ്യമാക്കിയ തീയതി | 24.01.2015 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോർജ്ജ് കെ.കെ., 21.01.2015ന് സമർപ്പിച്ച പരാതി ഹർജി 24.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.121(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് അമിത ഫീസ് ഈടാക്കിയെന്നും സമയപരിധി കഴിഞ്ഞാണ് പകർപ്പുകൾ ലഭ്യമാക്കിയ

തെന്നും അപ്പീൽ അധികാരിയുടെ വിവരങ്ങൾ നൽകിയില്ലെന്നും ടി വീഴ്ച കൾ വരുത്തിയ എസ്.പി.ഐ.ഒയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നു മാണ്.

3. പരാതി ഹർജിക്കാരൻ. 23.10.2014ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഹർജിക്കാരൻ 27.12.2013ന് നൽകിയ മൂന്ന് അപേക്ഷകളുടെ പകർപ്പു കൾ നൽകണമെന്നും 13.01.2014, 28.02.2014, 18.10.2014 എന്നീ തീയതികളിൽ നൽകിയ ഓരോ അപേക്ഷകളുടെയും പകർപ്പുകൾ നൽകണമെന്നും

2) പ്രസ്തുത അപേക്ഷകൾക്ക് നൽകിയ മറുപടിയുടെ പകർപ്പുകൾ നൽകണമെന്നും

3) പ്രസ്തുത അപേക്ഷകൾ ലഭിച്ചതും മറുപടി നൽകിയതുമായ വിവര ങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

4) മറുപടി നൽകിയതുമായി ബന്ധപ്പെട്ട തപാൽ രസീതിന്റെ പകർപ്പ് നൽകണമെന്നും

5) പ്രസ്തുത അപേക്ഷകളിൽ അപ്പീൽ അധികാരി നൽകിയ കത്തും മറുപടിയുടെയും പകർപ്പു നൽകണമെന്നുമാണ്.

ആയതിന് 19.11.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ത്, ക്രമനമ്പർ 1, 2, 3, 4 എന്നിവയിൽ ആവശ്യപ്പെട്ട രേഖകൾ ആകെ 15 പേജുകളുണ്ടെന്നും ആയത് പേജൊന്നിന് 2 രൂപ നിരക്കിൽ ഫീസൊടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പുകൾ നൽകുന്നതാണെന്നും ക്രമ നമ്പർ 5ന് ചോദ്യം വ്യക്തമല്ലെന്നുമാണ്.

4. 19.10.2015ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, മുൻ പായം വില്ലേജ് ഓഫീസറും എസ്.പി.ഐ.ഒ.യുമായിരുന്ന ശ്രീമതി എസ്.എസ്. സുനിത കുമാരി ടിയാന്റെ അപേക്ഷയിന്മേൽ വിവരാവകാശ നിയമപ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ലെന്നും ഹർജിക്കാരന്റെ ആവശ്യങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും ടി

ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും മേൽപ്പടി എസ്.പി.ഐ.ഒ. 22.12.2014ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവു പ്രകാരം 01.01.2015ന് ഇരിട്ടി തഹസിൽദാർ വിടുതൽ ചെയ്തിട്ടുള്ളതും കണ്ണൂർ ജില്ല വിട്ടു പോയിട്ടുള്ളതുമാണെന്നും നിലവിൽ ടി ഉദ്യോഗസ്ഥ എവിടെ ജോലി ചെയ്യുന്നുവെന്ന് അറിവുള്ളതല്ലെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ പരാതിയിൽ കഴമ്പുണ്ടെന്നും മുൻ വില്ലേജ് ഓഫീസറുടെ ഭാഗത്തുനിന്നും ഹർജിക്കാരൻ കമ്മീഷനിൽ നൽകിയ പരാതിയിൽ പറയുന്ന രീതിയിലുള്ള ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നുവെന്നുമാണ്.

5. 16.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഫീസൊടുക്കിയിട്ടും ടിയാന് വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും എസ്.പി.ഐ.ഒ.യുടെ ഭാഗത്തു വീഴ്ചയുണ്ടായതായും നിലവിലെ എസ്.പി.ഐ.ഒ. റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ട് ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട്

ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്ത മാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 18-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)